**Deepika**
**30 July 2018**
**Dam, Periyar Shores**

# ആശങ്ക ഒഴിയാതെ പെരിയാർ തീരം; ചാകര പ്രതീക്ഷിച്ചു മറ്റൊരു കൂട്ടർ

**ടി.പി. സന്തോഷ്കുമാർ**

**തൊടുപുഴ:** ഇടുക്കി അണക്കെട്ട് നാളെ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കവേ ഒരുവിഭാഗം ജനങ്ങളിൽ ആശങ്ക ഒഴിയാത്തപ്പോൾ മറ്റൊരു വിഭാഗത്തിന് ഡാം തുറക്കൽ ആഹ്ലാദത്തിന്റേതാകും. വെള്ളം പെരിയാറിലൂടെ ഒഴുകിപ്പോയാൽ ഇതിന്റെ താഴ്ഭാഗത്തു തീരമേഖലകളിൽ കൃഷി ചെയ്തിരിക്കുന്ന കർഷകരാണ് ആശങ്കപ്പെടുന്നത്. എന്നാൽ അണക്കെട്ടിന്റെ ഷട്ടർ തുറക്കുമ്പോൾ നിമിഷാർധംകൊണ്ടു പുറത്തേക്കു ചാടിയെത്തുന്ന മൽസ്യസമ്പത്തിലേക്കു കണ്ണുംനട്ടാണ് മറ്റൊരു ജനവിഭാഗം കാത്തിരിക്കുന്നത്. കൂടാതെ അണക്കെട്ട് തുറക്കുമ്പോഴുള്ള അപൂർവ ദൃശ്യം കണ്ണുകളിലേക്ക് ആവാഹിക്കാൻ കാത്തിരിക്കുന്നവരും ആവേശത്തിലാണ്. രണ്ടു ദിവസത്തിനുള്ളിൽ അണക്കെട്ട് തുറക്കുമെന്നു ജില്ലാ ഭരണകൂടം അറിയിച്ചിരിക്കുന്നതിനാൽ ചെറുതോണി, ഇടുക്കി ടൗണുകൾ ഇപ്പോഴേ ആഹ്ളാദത്തിമിർപ്പിലാണ്. അണക്കെട്ടു തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിയപ്പോൾ തന്നെ ഒട്ടേറെ സഞ്ചാരികളാണ് ഇവിടേക്ക് ഒഴുകിയെത്തുന്നത്.

## മീൻവരവ്

1992-ൽ ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തിയപ്പോൾ പുറത്തേക്ക് വെള്ളത്തോടൊപ്പം ഒഴുകിയെത്തിയ മത്സ്യങ്ങളുടെ വരവ് ചെറുതോണിക്കാർ മറന്നിട്ടില്ല. അമ്പതും എൺപതും കിലോയുള്ള വമ്പൻ മൽസ്യങ്ങളാണ് അന്ന് ഷട്ടറിനടിയിലൂടെ പുറത്തേക്കു ചാടിയത്. ഉയരത്തിൽനിന്നു താഴേക്കുള്ള വെള്ളത്തിന്റെ കുതിച്ചുചാട്ടത്തിന്റെ പ്രഹരത്തിൽ ഒട്ടേറെ മൽസ്യങ്ങൾ ചത്തു മലച്ചു. പുഴയിൽ ചത്തു പൊങ്ങിയ മത്സ്യങ്ങൾ ചാകര പോലെയാണ് നാട്ടുകാർക്ക് ലഭിച്ചത്. പുഴയിൽ മീൻ പിടിക്കാൻ ചാടിയവരെ നിയന്ത്രിക്കാൻ പോലീസിനു പോലുമായില്ല. അണക്കെട്ട് തുറക്കുന്നതു കാണാനെത്തിയ സന്ദർശകർ നാട്ടുകാരിൽനിന്നു മത്സ്യയങ്ങൾ വില.യ്ക്കു വാങ്ങി കൊണ്ടു പോയി. ഡാം തുറന്നാൽ ഈ ചാകരക്കൊയ്ത്ത് വീണ്ടും ഉണ്ടാകുമെന്ന പ്രതീക്ഷയിൽ മീൻപിടിക്കാനുള്ള എല്ലാ തയാറെടുപ്പുമായി കാത്തിരിക്കുകയാണു ചെറുതോണിയിലും പരിസരപ്രദേശങ്ങളിലുമുള്ളവർ.

## ടൗണിൽ തിരക്കേറി

ഡാം നാളെ തുറന്നേക്കുമെന്ന വിവരം പുറത്തുവന്നതോടെ ചെറുതോണി ടൗണിൽ വലിയ തിരക്കായി. ഡാം തുറക്കുന്ന അസുലഭ മുഹൂർത്തം കാണാനായി ഒട്ടേറെ സന്ദർശകർ ടൗണിലെ ലോഡ്ജുകകളിലും മറ്റും വന്നു തമ്പടിച്ചിരിക്കുകയാണ്. ടൗണിലെ വ്യാപാര സ്ഥാപനങ്ങളിലും തിരക്കായി.

ഇതിനിടെ ഡാം തുറക്കുമ്പോൾ വെള്ളം ഒഴുകിയെത്തുന്ന മേഖലകൾ ഉൾപ്പെടുന്ന അഞ്ചു പഞ്ചായത്തുകളിൽ വിനോദ സഞ്ചാരത്തിനു ജില്ലാ ഭരണകൂടം വിലക്കേർപ്പെടുത്തി. വാഴത്തോപ്പ്, കൊന്നത്തടി, മരിയാപുരം, വാത്തിക്കുടി, കഞ്ഞിക്കുഴി പഞ്ചായത്തുകളിലാണ് വിനോദ സഞ്ചാരത്തിനു വിലക്കേർപ്പെടുത്തിയിരിക്കുന്നത്. ഡാം തുറക്കുമ്പോൾ ഫോട്ടോയെടുക്കുന്നതിനും മൊബൈലിൽ സെൽഫി എടുക്കുന്നതിനും വിലക്കുണ്ട്.

## കർഷകർക്കു നെഞ്ചിടിപ്പ്

അണക്കെട്ട് തുറക്കുമ്പോൾ തീരപ്രദേശങ്ങളിൽ വിവിധ വിളകൾ കൃഷി ചെയ്തിരിക്കുന്ന ഒട്ടേറെ കർഷകരുണ്ട്. ഇവരുടെ നെഞ്ചിൽ തീയാണ്. മഴ നിലക്കണേയെന്ന പ്രാർഥനയിലാണ് താഴ്വരയിലുള്ള ഈ കർഷകർ. നെല്ല്, കപ്പ, വാഴ ഉൾപ്പെടെയുള്ള തന്നാണ്ട് കാർഷിക വിളകളാണ് ഇവർ കൃഷി ചെയ്തിരിക്കുന്നത്. 26 വർഷം മുൻപ് ഡാം തുറന്നപ്പോൾ വിളനാശം സംഭവിച്ച ഒട്ടേറെ കർഷകർ ഉണ്ടായിരുന്നു. 2013ൽ അണക്കെട്ട് തുറക്കാനുള്ള എല്ലാ സാധ്യതയും ഉണ്ടായപ്പോൾ കർഷകർ തങ്ങളുടെ വിളകൾ പറിച്ചു മാറ്റിയിരുന്നു. എന്നാൽ, മഴ മാറി നീരൊഴുക്കിന്റെ തോത് കുറഞ്ഞ സാഹചര്യത്തിൽ ഡാം തുറക്കൽ അന്നു വേണ്ടെന്നു വയ്ക്കുകയായിരുന്നു.